"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്-നിലമ്പൂർ ഡിവിഷനിലെ വഴിക്കടവ് റെയിഞ്ചിൽ ഉൾപ്പെട്ട നെല്ലിക്കുത്ത് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കാട്ടിമറ്റം ഭാഗത്ത് നടന്ന അനധികൃത കൈയ്യേറ്റവും മരംമുറിയുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി - ശ്രീ.ഇ.ജെ.കെ.മോഹൻകുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട) ശ്രീ.കെ.സി.ജോർജ്ജ്,സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവരുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.290/2022/F&WLD തീയതി,തിരുവനന്തപുരം, 08-07-2022

പരാമർശം:-

1. 20.10.2004 ലെ സ.ഉ.(സാധാ) നം.437/2004/വനംനമ്പർ ഉത്തരവ്
2. 31.08.2005 ലെ സ.ഉ.(സാധാ) നം 485/2005/വനം നമ്പർ ഉത്തരവ്
3. 14.02.2018-ലെ സ.ഉ.(സാധാ) 76/2018/വനം നമ്പർ ഉത്തരവ്
4. 24.05.2016-ലെ സ.ഉ.(സാധാ) 201/2016/വനം നമ്പർ ഉത്തരവ്
5. 07.10.2017,07.06.2022-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ബി5-5309/2012 നമ്പർ കത്ത്.

<u>ഉത്തരവ്</u>

നിലമ്പൂർ ഡിവിഷനിലെ വഴിക്കടവ് റെയിഞ്ചിൽ ഉൾപ്പെട്ട നെല്ലിക്കുത്ത് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലെ കാട്ടിമറ്റം ഭാഗത്ത് നടന്ന അനധികൃത കൈയ്യേറ്റവും മരംമുറിയുമായി ബന്ധപ്പെട്ട് ശ്രീ.ഇ.ജെ.കെ.മോഹൻ കുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ(റിട്ട), ശ്രീ.കെ.സി.ജോർജ്ജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (റിട്ട) എന്നിവരെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പരാമർശം(2) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു.

ശ്രീ. കെ.സി.ജോർജിനെതിരായ അച്ചടക്ക നടപടി പരാമർശം (4) പ്രകാരം തീർപ്പാക്കിയിരുന്നു.സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ശ്രീഇ.ജെ.കെ.മോഹൻകുമാറിനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കുകയുണ്ടായി. ടിയാന്മാരുടെ സസ്പെൻഷൻ കാലം കെ.എസ്.ആർ ഭാഗം 1 ചട്ടം (ബി) പ്രകാരം ക്രമീകരിച്ച ഉത്തരവാകണമെന്ന് പരാമർശം (5)

പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭ്യർഥിച്ചിട്ടുണ്ട്.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു റിട്ടയേർഡ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.ഇ.ജെ.കെ.മോഹൻ കുമാറിന്റെ 20.10.2004 മുതൽ സർവീസിൽ നിന്നും വിരമിച്ച 31.10.2004 വരെയുള്ള സസ്പെൻഷൻ കാലയളവ് ശമ്പളവും അലവൻസും ഉപജീവനബത്തയിൽ നിജപ്പെടുത്തി എല്ലാകാര്യത്തിനും ഡ്യൂട്ടിയായും,റിട്ടയേർഡ് സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.സി.ജോർ ജിന്റെ 20.10.2004 മുതൽ 30.08.2005 വരെയുള്ള സസ്പെൻഷൻ കാലയളവ് ശമ്പളവും അലവൻസും ഉപജീവനബത്തയിൽ നിജപ്പെടുത്തി എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായും 31.08.2005 മുതൽ സർവ്വീസിൽ പ്രവേശിച്ചതു വരെയുള്ള ഇടവേള കെ. എസ്. ആർ. ഭാഗം I ചട്ടം 5 6 ബി (9) - ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ, അർഹതപ്പെട്ട അവധിയായോ, ഇവ രണ്ടുമായോ കണക്കാക്കി ക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ഇ.ജെ.കെ.മോഹൻ കുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)

ശ്രീ.കെ.സി.ജോർജ്ജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ(റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 08-07-2022 17:35:43
സെക്ഷൻ ഓഫീസർ